(Pages : 4) **K – 4712**

**Reg. No. : .............................**

**Name : ..................................**

## Third Semester M.A. Degree Examination, February 2021

## Malayalam Language and Literature

## ML 234 : മലയാളവിമർശനം

## (2019 Admission)

Time : 3 Hours Max. Marks : 75

gcwcentrallibrary.in

I. **ഈരണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) സി.പി. അച്യുതമേനോന്റെ നിരൂപണസംഭാവനകൾ എന്തെല്ലാം?

അഥവാ

(b) 'ധീരനായ ഗുണദോഷവിവേകജ്ഞൻ' എന്ന ബഹുമതി ലഭിച്ചതാർക്ക്? കാരണമെന്ത്?

2. (a) 'നാടകാന്തം കവിത്വ'ത്തിന് മുണ്ടശ്ശേരി നൽകുന്ന വ്യാഖ്യാനമെന്ത്?

അഥവാ

(b) യുക്തിബോധമാണ് മാരാരുടെ വിമർശനത്തിന്റെ സാരസർവ്വസ്വം എന്നു പറയുന്നതെന്തു കൊണ്ട്?

3. (a) ദുരവസ്ഥയേക്കാൾ ശ്രേഷ്ഠത ഏറിയത് ചണ്ഡാലഭിക്ഷുകിയാണെന്ന് കേസരി പറയുന്നതെന്തുകൊണ്ട്?

അഥവാ

(b) ചെമ്മീൻ നിരൂപണത്തിൽ വേലുക്കുട്ടി അരയൻ അവതരിപ്പിക്കുന്ന നിലപാടെന്ത്?

**P.T.O.**

4. (a) 'പുരുഷനെ അറിയാത്ത കന്യകയുടെ ദിവ്യഗർഭം പോലെ ഒന്നല്ല സാഹിത്യവിമർശനം' എന്ന കെ.പി. അപ്പന്റെ നിരീക്ഷണത്തിനു പശ്ചാത്തലമെന്ത്?

അഥവാ

(b) 'വിപ്ലവകവിതയെ ഒരു ചെപ്പടിവിദ്യയായി അദ്ദേഹം അധഃപതിപ്പിക്കുന്നു' - ആര്? ആരുടെ കവിതയെപ്പറ്റി? ആ വിമർശനയുക്തി പരിശോധിക്കുക.

5. (a) 'സഹ്യന്റെ മകനി'ലൂടെ എം.എൻ. വിജയൻ ആവിഷ്ക്കരിക്കുന്ന നിരൂപണപദ്ധതി വിശദമാക്കുക.

അഥവാ

(b) കാല്പനികതയുടെ അപചയത്തോടുള്ള കലാപമാണ് ആധുനികത എന്ന നിരീക്ഷണം വിലയിരുത്തുക.

6. (a) 'അതികഥ'യെ വി.സി. ശ്രീജൻ വിശദീകരിക്കുന്നതെങ്ങനെ?

അഥവാ

(b) അപനിർമ്മാണം സാഹിത്യവിമർശനത്തിന് ഉപകരണമാകുന്നതെങ്ങനെ?

7. (a) 'നിലനിൽക്കുന്ന പുരുഷകേന്ദ്രിതവ്യവസ്ഥയെ പിളർന്നുകൊണ്ടു മാത്രമേ അവളുടെ ആ ശ്രമം സാധിക്കൂ' - വിശദമാക്കുക.

അഥവാ

(b) 'പുതുനാഗരികതയുടെ സൈറൺ' എന്ന നിരീക്ഷണത്തിന്റെ വ്യാപ്തിയെന്ത്? വിശദമാക്കുക.

**(7 × 3 = 21 Marks)**

II. **നന്നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) സി.പി. അച്യുതമേനോനിൽ പൗരസ്ത്യദർശനത്തിന്റെ തനിമയാണു പ്രകടമാകുന്നതെന്ന അഭിപ്രായം വിലയിരുത്തുക.

അഥവാ

(b) 'സാഹിത്യനിരൂപകൻ എന്ന നിലയിൽ എ.ആറിൽ കരിനിഴൽ വീഴ്ത്തുന്ന രണ്ടപവാദങ്ങളുണ്ട്.' - ഏതൊക്കെയാണവ? വിശദമാക്കുക.



gcwcentrallibrary.in

9. (a) മലയാളത്തിൽ നവീനനിരൂപണം ആരംഭിക്കുന്നത് കേസരി ബാലകൃഷ്ണപിള്ള യിലാണെന്ന അഭിപ്രായം വിലയിരുത്തുക.

അഥവാ

(b) മാരാരും പുരോഗമനസാഹിത്യപ്രസ്ഥാനവും - വിശദീകരിക്കുക.

10. (a) മുണ്ടശ്ശേരിയുടെ വിമർശനഗ്രന്ഥങ്ങളെപ്പറ്റിയും നിലപാടുകളെപ്പറ്റിയും വിവരിക്കുക.

അഥവാ

(b) കവിതാപഠനങ്ങളുടെ അക്കാദമിക് രീതിയിലാണ് ലീലാവതി നിലയുറപ്പിച്ചിട്ടുള്ളത് എന്ന അഭിപ്രായം പരിശോധിക്കുക.

11. (a) ഭാഷയിൽ ശ്രദ്ധിക്കുക, എല്ലായ്പ്പോഴും ഭാഷയിൽ ശ്രദ്ധിക്കുക എന്നതാണ് വിമർശകന്റെ ലക്ഷ്യം എന്ന് കെ.പി. അപ്പൻ പറയുന്നതെന്തുകൊണ്ട്? കെ.പി. അപ്പന്റെ വിമർശനരീതി എന്തായിരുന്നു?

അഥവാ

(b) ബി. രാജീവന്റെ നിരൂപണനിലപാടുകളെന്തെല്ലാം? വിശദമാക്കുക.

12. (a) സിദ്ധാന്തവും പ്രയോഗവുമെന്ന രീതിയിലേക്ക് ഇന്നു നിരൂപണം മാറിക്കഴിഞ്ഞു എന്ന പ്രസ്താവന വിലയിരുത്തുക.

അഥവാ

(b) ഖണ്ഡനവിമർശനങ്ങൾക്ക് മുഖ്യധാരാമാധ്യമങ്ങളിൽ ഇടമില്ലാത്തത് നിരൂപണത്തിന്റെ മൂർച്ച കുറയ്ക്കുന്നു എന്ന വിലയിരുത്തൽ ശരിയാണോ? ചർച്ച ചെയ്യുക.

**(5 × 6 = 30 Marks)**

III. **അയ്യഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) മലയാളനിരൂപണത്തിന്റെ വികാസത്തിൽ പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളുടെ സ്വാധീനം എത്രത്തോളമെന്ന് വിലയിരുത്തുക.

അഥവാ

(b) അക്കാദമിക് നിരൂപകരെന്ന പേരിൽ മുദ്ര ചെയ്ത നിരവധി പേർ മലയാളത്തിലുണ്ട്. എന്താണവരുടെ നിരൂപണസവിശേഷതകൾ?

gcwcentrallibrary.in

14. (a) മലയാളനിരൂപണചരിത്രത്തിൽ സുകുമാർ അഴിക്കോടിന്റെ സ്ഥാനം നിർണ്ണയിക്കുക.

അഥവാ

(b) കവിത്രയത്തിന്റെ നിരൂപണങ്ങളെപ്പറ്റി ഉപന്യസിക്കുക.

15. (a) സംസ്കാരവിമർശനവും മാർക്സിസ്റ്റ് പാഠങ്ങളും - ഉപന്യസിക്കുക.

അഥവാ

(b) മലയാളത്തിലെ പാരിസ്ഥിതികനിരൂപണത്തിന്റെ ചരിത്രം രേഖപ്പെടുത്തുക.

**(3 × 8 = 24 Marks)**

gcwcentrallibrary.in